ഗികമായ വിവേ സമാഹരണ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കൂടിയ തുകയ്ക്ക് പദ്ധതി നിശ്ചയിച്ചതും ആണ് ഈ കുറവിന്റെ കാരണം.

(ഡി) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലെ പദ്ധതി ചെലവിന്റെ കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

(രൂപ കോടിയിൽ)

| വർഷം | ബഡ്ജററ് എസ്റ്ററിമേററ് | പുതുക്കിയ എസ്റ്ററിമേററ് |
|---|---|---|
| 1989–90 | 525 | 475 |
| 1990–91 | 635 | 649.50 |

**മൂന്നു മാസങ്ങളിൽ പദ്ധതിയിനത്തിൽ ചെലവഴിച്ച തുക**

98 [1651] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിൽ ആദ്യത്തെ മൂന്നു മാസങ്ങളിൽ പദ്ധതിയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഇത് പദ്ധതിയടങ്കലിന്റെ എത്ര ശതമാനമാണ്?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിൽ ആദ്യത്തെ മൂന്നു മാസങ്ങളിൽ പദ്ധതി ഇനത്തിൽ 59.29 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇത് പദ്ധതിയടങ്കലിന്റെ ഏഴു ശതമാനമാണ്.

**സ്റ്റോറേഴ്സ് പർച്ചേയ്സ് ഇനത്തിൽ ചെലവാക്കിയ തുക**

99 [1652] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സ്റ്റോറേഴ്സ് പർച്ചേസ് ഇനത്തിൽ പ്രതിവർഷം എന്തു തുകയാണ് ചെലവഴിക്കുന്നത്;

(ബി) പ്രസ്തുത സ്റ്റോറേഴ്സ് ഇനം ഗവൺമെന്റ് ആവശ്യത്തിന് പൂർണ്ണമായി ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(സി) ഉണ്ടെങ്കിൽ അതേപ്പററി വിശദീകരിക്കാമോ;

(ഡി) ഇല്ലെങ്കിൽ സ്റ്റോറേഴ്സ് പർച്ചേസിന്റെ പേരിലുള്ള അഴിമതികൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വകുപ്പുതലവൻമാരും ഓഫീസുമേധാവികളും അപ്പപ്പോൾ സ്റ്റോറേഴ്സ് പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധനങ്ങൾ വാങ്ങുകയാണ് ചെയ്യുന്നത്. സർക്കാർ നേരിട്ട് സ്റ്റോറേഴ്സ് പർച്ചേസ് നടത്താറില്ല.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അതത് വകുപ്പുമേധാവികളും സ്റ്റോഴ്സ് പർച്ചേസ് വകുപ്പിന്റെ പരിശോധനാ വിഭാഗങ്ങളും പർച്ചേസ് സംബന്ധിച്ച പരിശോധന നടത്തുമ്പോൾ കൂട്ടത്തിൽ സ്റ്റോഴ്സ് ഇനങ്ങൾ ഗവൺമെന്റ് ആവശ്യത്തിന് പൂർണ്ണമായി ഉപയോഗിക്കുന്നുണ്ടോ എന്നു കൂടി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) ഉദിക്കുന്നില്ല.

ഭവന നിർമ്മാണ വായ്പയായി അനുവദിച്ച തുക

100 [1654] ശ്രീ. എ. സുജനപാൽ:
,, ജി. കാർത്തികേയൻ:
,, പുനലൂർ മധു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ വായ്പയായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഭവന നിർമ്മാണ വായ്പക്കുവേണ്ടിയുള്ള എത്ര അപേക്ഷകൾ തീരുമാനമാകാതെ കിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ എപ്പോൾ തീരുമാനമെടുക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 12 കോടി രൂപ.

(ബി) ഏകദേശം അയ്യായിരം അപേക്ഷകൾ.

(സി) ബഡ്ജററിൽ കഴിയുന്നത്ര തുക വകയിരുത്തി ഈ അപേക്ഷകളിൽ വേഗം തീരുമാനമെടുക്കുവാൻ ശ്രമിച്ചുവരുന്നു.

കേന്ദ്ര നികുതിയിൽനിന്നുള്ള സംസ്ഥാന വിഹിതം

101 [1656] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതിയിൽനിന്നുമുള്ള സംസ്ഥാനത്തിന്റെ വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ വകയിൽ ലഭിച്ചത് എത്രയായിരുന്നു?

ഉത്തരം

(എ) പുതുക്കിയ എസ്റ്റിമേററ് അനുസരിച്ച് ഈ വർഷത്തെ കേന്ദ്ര നികുതിയിൽനിന്നുള്ള വിഹിതം 576.43 കോടി രൂപയാണ്.

(ബി) 486.25 കോടി രൂപ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly